**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6082** **17-03-2023 - ൽ മറുപടിയ്ക്ക്**

**ബെന്നി മാത്യുവിന്റെ ലീവ് സറണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം എൽ.എ. റെയിൽവെ സ്പെഷ്യൽ തഹസിൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന ബെന്നി മാത്യൂ (PEN -322556) 05.11.2020-ലെ ജി.ഒ.(ആർ.റ്റി.) നം. 152/2020/ഫിൻ. ഉത്തരവ് പ്രകാരം ലീവ് സറണ്ടർ പി.എഫ്. ൽ ക്രഡിറ്റ് ചെയ്യുന്നതിനായി കോട്ടയം ജില്ലാ ട്രഷറിയിൽ സ്പാർക്ക് മുഖേന നൽകിയ ബിൽ നാളിതുവരെ തീർപ്പാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ വിഷയത്തിൽ ജില്ലാ ട്രഷറി ഓഫീസർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 05.11.2020-ലെ ജി.ഒ.(പി) നം.152/2020/ഫിൻ. ഉത്തരവ് പ്രകാരം കോട്ടയം എൽ.എ. റെയിൽവെ സ്പെഷ്യൽ തഹസിൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന ബെന്നി മാത്യുവിന് (PEN -322556) ലീവ് സറണ്ടർ തുക പി എഫ് ൽ ക്രെഡിറ്റ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറൽ 15/04/2021 ന് പേ സ്ലിപ്പ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബന്ധപ്പെട്ട ഡി.ഡി.ഒ സ്പാർക്ക് മുഖേന 20.01.2023 -നാണ് കോട്ടയം ജില്ലാ ട്രഷറിയിൽ ഇ-സബ്മിറ്റ് ചെയ്തത്. സ.ഉ.(പി)നം. 104/2021/ധന തീയതി 26/07/2021 ലെ ഖണ്ഡിക 2 പ്രകാരം നിലവിൽ അനുമതി ലഭിച്ചിട്ടുള്ള ട്രഷറിയിൽ എൻക്യാഷ്മെന്റ് പെൻഡിങ്ങായുള്ള എല്ലാ Earned Leave Surrender ബില്ലുകളും റദ്ദാക്കി തിരികെ ലീവ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണമെന്നുള്ള നിർദ്ദേശമുണ്ടായിരുന്നതിനാൽ ശ്രീ.ബെന്നി മാത്യുവിന്റെ സറണ്ടർ ബിൽ ഒബ്ജക്ഷൻ രേഖപ്പെടുത്തി തിരികെ നൽകുകയും 31.1.2023 ന് ബന്ധപ്പെട്ട ഡി.ഡി.ഒ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലീവ് സറണ്ടർ അനുവദിച്ചത് റദ്ദ് ചെയ്യാൻ സാധിക്കുകയില്ലെന്ന് അക്കൗണ്ടന്റ് ജനറൽ 15.04.2021-ലെ കത്തിലൂടെ അറിയിച്ചിട്ടുള്ളതിനാൽ തുക മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ 15.04.2021 -ലെ കത്ത് കോട്ടയം ജില്ലാ ട്രഷറിയിൽ ലഭ്യമായിട്ടില്ല. |
| (സി) | ഈ വിഷയത്തിൽ 31.01.2023 ന് ബെന്നി മാത്യൂ ട്രഷറി ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ബെന്നി മാത്യൂ ട്രഷറി ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു. ബന്ധപ്പെട്ട ഡി.ഡി.ഒ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയതു പാസാക്കി പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ